## പതിമൂന്നാംകേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.103    21.03.2013 - ൽ മറുപടിക്ക്**

**ദേശീയപാതകളുടെ വികസനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ<br>ശ്രീ. എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ. പി.ഉബൈദുള്ള<br>ശ്രീ. പി.ബി.അബ്ദുൾ റസാക്ക് | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) ദേശീയപാതകളുടെ വീതി കൂട്ടുന്നതു സംബന്ധിച്ച നടപടികൾ എത്രത്തോളം പൂർത്തിയായിട്ടുണ്ടെന്നും ആയത് എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ; | (എ) ദേശീയപാത 17-ഉം 47-ഉം (പുതിയ നമ്പർ എൻ.എച്ച്.66) ചേർന്നുള്ള 669 കി.മീ. -ൽ കേരള കർണ്ണാടക അതിർത്തിയായ തലപ്പാടി മുതൽ തലപ്പാടി-കണ്ണൂർ, കണ്ണൂർ-വെങ്ങളം, വെങ്ങളം-കുറ്റിപ്പുറം, കുറ്റിപ്പുറം-ഇടപ്പള്ളി എന്നീ ഭാഗങ്ങളിലെ സ്ഥലമെടുപ്പ് നടപടികൾ മന്ദഗതിയിലാണ്. ആകെ ഏറ്റെടുക്കേണ്ട 986 ഹെക്ടർ ഭൂമിയുടെ വളരെ ചെറിയ ശതമാനം മാത്രമാണ് ഇതുവരെ ഏറ്റെടുക്കാൻ കഴിഞ്ഞത്. ഈ ഭാഗങ്ങളിൽ സ്ഥലമെടുപ്പിനു വേണ്ട പ്രാരംഭ നടപടികളായ ഭൂമിയുടെ സർവ്വേ, 3 എ വിജ്ഞാപനം പുറപ്പെടുവിക്കുക എന്നിവയാണ് ഇപ്പോൾ നടന്നു വരുന്നത്.<br>ഇടപ്പള്ളി മുതൽ അരൂർ വരെയുള്ള ഭാഗം നാഷണൽ ഹൈവേ അതോറിറ്റി നാലുവരിപ്പാതയായി വികസിപ്പിച്ചിട്ടുണ്ട്. ചേർത്തല മുതൽ അരൂർ വരെയുള്ള ഭാഗം സംസ്ഥാന സർക്കാർ നാലുവരി പാതയായി വികസിപ്പിച്ചിട്ടുണ്ട്. ഇതിൽ |

നാഷണൽ ഹൈവേ അതോറിറ്റിയുടെ വികസന പ്രവർത്തനങ്ങൾ ഇനിയും നടക്കാനുണ്ട്. ചേർത്തല-ഓച്ചിറ, ഓച്ചിറ-കഴക്കൂട്ടം, കഴക്കൂട്ടം - ഇഞ്ചിവിള (സംസ്ഥാന അതിർത്തി) വരെയുള്ള ഭാഗങ്ങളുടെ സ്ഥലമെടുപ്പ് നടപടികൾ നടന്നു വരുന്നു.

എൻ.എച്ച്.47 -ലെ വാളയാർ മുതൽ ഇടപ്പള്ളിവരെയുള്ള (പുതിയ നമ്പർ എൻ.എച്ച്.544) 160 കി.മീ. സ്ഥലമെടുപ്പ് പൂർത്തിയാക്കി, നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഇതിൽ തൃശ്ശൂർ മുതൽ ഇടപ്പള്ളി വരെയുള്ള 72 കി.മീ. നാലു വരി പാതയായി വികസിപ്പിച്ച് ഗതാഗതത്തിന് തുറന്നു കൊടുത്തിട്ടുണ്ട്.

ബാക്കിയുള്ള ദേശീയ പാതകളായ
എൻ.എച്ച്.49 (168 കി.മീ.)
എൻ.എച്ച്. 208 (81 കി.മീ.)
എൻ.എച്ച്. 212 (118 കി.മീ.)
എൻ.എച്ച്. 213 (125 കി.മീ.)
എൻ.എച്ച്. 220 (190 കി.മീ.) ഇവ പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടു വരി പാതയായി വികസിപ്പിക്കാനുള്ള സാധ്യതാപഠനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. കൂടാതെ തിരുവനന്തപുരം ജില്ലയിൽ കരമന മുതൽ കളിയിക്കാവിള വരെയുള്ള 29 കി.മീ. ദൂരം 30.2 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ബി) | ദേശീയപാതകൾക്ക് ആവശ്യാനുസരണം വീതിയില്ലാത്തതിനാൽ വാഹനത്തിരക്കും അപകടങ്ങളും ഉണ്ടാകുന്നതു മൂലം ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ദേശീയപാതയുടെ വികസനപ്രവർത്തനങ്ങൾ മൂലം വീടും സ്ഥലവും നഷ്ടപ്പെടുന്നവർക്കായുള്ള നഷ്ടപരിഹാര പാക്കേജിൽ എന്തൊക്കെ വ്യവസ്ഥകൾ ഉൾക്കൊള്ളുന്നുവെന്ന് വ്യക്തമാക്കുമോ | (സി) | സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്.) നം.419/2011/ആർ.ഡി. തീയതി 15.11.2011 പ്രകാരം പദ്ധതി ബാധിതർക്ക് ഒരു പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. പാക്കേജിലെ വ്യവസ്ഥകൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ദേശീയപാതകളുടെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്ന നടപടി അടിയന്തിരമായി ആരംഭിക്കുമോ? | (ഡി) | ദേശീയപാതകളുടെ വികസനത്തിനായി സ്ഥലമേറ്റെടുക്കുന്ന നടപടി ഇപ്പോൾ നടക്കുന്നുണ്ട്. എന്നാൽ ഒരു വിഭാഗം ജനങ്ങളുടെ ശക്തമായ എതിർപ്പ് തടസ്സം സൃഷ്ടിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ദേശീയപാതകളുടെ വികസന പ്രവർത്തനങ്ങൾക്കായി സ്ഥലമേറ്റെടുക്കുമ്പോൾ ഭൂമി നഷ്ടപ്പെടുന്നവർക്കായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പുനരധിവാസ പാക്കേജിലെ പ്രാധാനപ്പെട്ട വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു:-

1. ജില്ലാതല പർച്ചേസ് കമ്മിറ്റിയും സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയും നിശ്ചയിക്കുന്ന അടിസ്ഥാന ഭൂവില ആധാരമാക്കി, ഭൂമിയുടെ വില നിശ്ചയിക്കുക.
2. പഴക്കമോ തേയ്മാനമോ കണക്കിലെടുക്കാതെ നിലവിലുള്ള നിരക്കനുസരിച്ചുള്ള വില കെട്ടിടങ്ങൾക്കും മറ്റും നല്കുക.
3. ഭൂമിയോ, വീടോ നഷ്ടപ്പെടുകയും ശമ്പളത്തിൽ നിന്നുള്ള വരുമാനം ഇല്ലാതിരിക്കുകയും വാർഷിക വരുമാനം 75,000 രൂപയിൽ താഴെയും വരുന്ന പദ്ധതിബാധിതകുടുംബത്തിന് മൂന്ന് സെന്റ് വസ്തു വരെ നല്കുക.
4. തൊഴിൽ ലഭ്യതയുള്ള പ്രോജക്ടുകളിൽ കുടിയൊഴിപ്പിക്കപ്പെട്ട കുടുംബത്തിലെ ഒരംഗത്തിന് സ്ഥിരമായ വരുമാനം കിട്ടുന്ന ജോലി നല്കുന്നകാര്യം റിക്വിസിഷനിങ്ങ് അതോറിറ്റി പരിഗണിക്കുക.
5. താമസസ്ഥലം നഷ്ടപ്പെടുന്നവർക്ക് 6 മാസത്തേയ്ക്ക് 5,000 രൂപ നിരക്കിൽ വാടകയും Shifting Allowance ആയി 25,000/-രൂപയും നല്കുക.
6. മൊത്തം ഭൂമിയും നഷ്ടപ്പെടുന്നവർക്ക് അവർ ആവശ്യപ്പെടുന്നപക്ഷം ഭൂമിയുടെ നഷ്ടപരിഹാര വിലയോ ഏറ്റെടുത്ത ഭൂമിയുടെ 25% സ്ഥലം പുതിയ റോഡ് സൈഡിലോ പ്രോജക്ട് സൈറ്റിനരികിലോ നല്കുക.
7. കുറഞ്ഞത് 3 വർഷമായി വാടകയ്ക്ക് കച്ചവടം നടത്തുന്നവർക്ക് പദ്ധതിപ്രകാരം വരുമാനമാർഗ്ഗം നഷ്ടപ്പെട്ടാൽ ഒറ്റതവണ അലവൻസ് ആയി 2,00,000/- രൂപ നല്കുക. വഴിയോര കച്ചവടക്കാർക്കും ചെറുകിടവ്യവസായികൾക്കും ഇത് ബാധകമായിരിക്കും. കമ്പനികൾ, ബാങ്കുകൾ, ധനകാര്യസ്ഥാപനങ്ങൾ, വലിയ കടകൾ, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. കുറഞ്ഞത് 3 വർഷം കുടികിടപ്പവകാശമുള്ളവർക്ക് 6 മാസത്തേക്ക് 6,000/- രൂപ നിരക്കിൽ ധനസഹായവും കെട്ടിടത്തിന്റെ വിലയായി 25,000/- രൂപയിൽ കുറയാതെയുള്ള ധനസഹായവും ലഭ്യമാക്കുക.
8. ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് വ്യക്തതയില്ലാതെയും ജില്ലാതല പർച്ചേസ് കമ്മിറ്റി നിശ്ചയിച്ച ഭൂവില സ്വീകാര്യമല്ലാതെയും

വരുന്ന കേസുകളിൽ തുടർന്നുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ LA Act 1894 or NHAI Act -ന് വിധേയമായിരിക്കും.

9. കടിയൊഴിപ്പിക്കപ്പെട്ട കടയുടമകൾക്ക് പഞ്ചായത്ത് രാജ് നടത്തുന്ന കൊമേർഷ്യൽ കോമ്പ്ലക്സുകളിലും റിക്വിസിഷണിംഗ് ഏജൻസിയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ നിർമ്മിക്കുന്ന ഷോപ്പിംഗ് കോമ്പ്ലക്സുകളിലും മുൻഗണന നല്കുക.
10. വസ്തു ഏറ്റെടുക്കലിനുശേഷം വസ്തുവിന്റെ 50% ഉടമസ്ഥന് കൈവശമുണ്ടാകുകയും ടി ഭൂമികൂടി സർക്കാർ ഏറ്റെടുക്കുന്നതിന് സമ്മതമാകുകയും ചെയ്യുന്നപക്ഷം, സർക്കാർ ടി ഭൂമികൂടി ഏറ്റെടുത്ത് പൊതു ആവശ്യത്തിന് ഉപയോഗിക്കുക.
11. സ്ഥലവും കെട്ടിടവും നഷ്ടപ്പെടുന്ന സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ആരാധനാലയങ്ങൾക്കും ജില്ലാതല പർച്ചേസ് കമ്മിറ്റി നിശ്ചയിക്കുന്ന സ്ഥലത്തിന്റെ വിലയും കെട്ടിടത്തിന്റെ വിലയും നഷ്ടപരിഹാരമായി ലഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ